**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** **20-06-2024 - ൽ മറുപടിയ്ക്ക്**

**മിൽമ പാലിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില്പന നടത്തുന്ന മിൽമ പാലിന്റെ ഗുണനിലവാരം കുറഞ്ഞതുമൂലം മറ്റ് കമ്പനികളുടെ പാൽ വില്പന കൂടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മിൽമ പാലിന്റെ ഗുണനിലവാരം കൂട്ടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ 15,89,711 ലിറ്റർ ആയിരുന്ന മിൽമയുടെ പ്രതിദിന പാൽ വില്പന 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 16,26,217 ലിറ്റർ ആയി ഉയർന്നിട്ടുണ്ട്. |
| (ബി) | മിൽമ പാലിന്റെ ഗുണനിലവാരമളക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | മൂന്നു തലങ്ങളിൽ (സംഘം, ബി.എം.സി, ഡയറി) ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയ ശേഷം മാത്രമേ മിൽമ പാൽ വിപണിയിൽ എത്തിക്കുന്നുള്ളൂ. കർഷകരിൽ നിന്നും ശേഖരിക്കുന്ന പാൽ, സൊസൈറ്റികളിൽ ഗുണനിലവാര പരിശോധന നടത്തിയ ശേഷം വീണ്ടും ബി.എം.സി കളിൽ വിദഗ്ദ പരിശീലനം നേടിയ ഫീൽഡ് സ്റ്റാഫുകൾ പുന: പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഇവ വീണ്ടും ഡയറികളിൽ കൃത്യമായി പാസ്ചറൈസ് ചെയ്ത് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് ഓരോ പാക്കറ്റും ഉപഭോക്താക്കളിലേക്ക് എത്തുന്നത്.<br><br>മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കു വേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും മിൽമയുടെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ